**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1087** **15-10-2026-ൽ മറുപടിയ്ക്ക്**

**നെന്മേനി-സീതാർകുണ്ട് റോഡ് പ്രവൃത്തി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** നെന്മാറ മണ്ഡലത്തിലെ നെന്മേനി-സീതാർകുണ്ട് റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** നെന്മേനി-സീതാർകുണ്ട് റോഡിലെ ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**(ബി)** പ്രസ്തുത പ്രവൃത്തി മുൻകരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്തിരുന്നോ; എങ്കിൽ ശേഷിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കുന്നതിനു സ്വീകരിച്ച നടപടി വിശദമാക്കാമോ;

**മറുപടി:** പ്രസ്തുത പ്രവൃത്തി മുൻകരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്തിരുന്നു. GST യിൽ ഉണ്ടായ വർധനവ് കൂടെ ഉൾപ്പെടുത്തി ശേഷിക്കുന്ന പ്രവൃത്തികൾക്ക് 3,42,37,000/- രൂപയുടെ പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി നാലു തവണ ടെൻഡർ ചെയതെങ്കിലും കരാറുകാർ ഉയർന്ന നിരക്ക് (35%) രേഖപ്പെടുത്തിയതിനാൽ DSoR 2021 പ്രകാരവും നിലവിലെ റോഡ് സ്ഥിതി പ്രകാരവും എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി)** നിലവിലെ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിക്കുന്നതിനായി സർക്കാർ നൽകിയിട്ടുള്ള നിർദേശപ്രകാരമുള്ള തുടർനടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

**മറുപടി:** നിലവിലെ റോഡിന്റെ സ്ഥിതി പരിശോധിച്ച് DSoR 2021 പ്രകാരമുള്ള നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**(ഡി)** പ്രസ്തുത റോഡിന്റെ റീ-ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി എന്ന് പുനരാരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**